ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 26.07.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി മാൽദീവ്സ് വൈസ് പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തി. മാൽദീവ്സിന്റെ 60-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിൽ പ്രധാനമന്ത്രി ഇന്ന് 'വിശിഷ്ടാതിഥി'യാകും.

   Prime Minister Narendra Modi held talks with the Vice President of Maldives. The Prime Minister will be the 'Guest of Honour' at the 60th Independence Day celebrations of Maldives today.

2. കാർഗിൽ വിജയ് ദിവസിൽ രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനികരെ അനുസ്മരിച്ച് രാജ്യം.

   The country commemorates the Indian soldiers who sacrificed their lives for the country on Kargil Vijay Diwas.

3. തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ നാലായിരത്തി എണ്ണൂറ് കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

   The Prime Minister will inaugurate development projects worth over Rs 4,800 crore in Thoothukudi, Tamil Nadu today.

4. കൊല്ലം തേവലക്കര സ്കൂളിൽ വൈദ്യുതാഘാതമേറ്റ് വിദ്യാർത്ഥി മരിച്ച സംഭവത്തിൽ സ്കൂൾ മാനേജരെ പിരിച്ചുവിട്ടതായി മന്ത്രി വി. ശിവൻകുട്ടി.

Minister V. Sivankutty said that the school manager has been dismissed in the incident where a student died due to electrocution at the Thevalakkara School in Kollam.

5. തായ്‌ലൻഡ് കംബോഡിയ അതിർത്തിയിൽ ഏറ്റുമുട്ടൽ തുടരുന്നു. അടിയന്തര വെടിനിർത്തൽ ആവശ്യപ്പെട്ട് കംബോഡിയ.

Clashes continue on the Thailand-Cambodia border. Cambodia called for immediate ceasefire.

6. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 7 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

The IMD predicts heavy rain in Kerala. Orange alert in 7 districts today. Ban issued for Fishing.

*****************

## PM MALDIVES-VP

മാൽദീവ്സ് സന്ദർശനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി മാൽദീവ്സ് വൈസ് പ്രസിഡൻറ് ഹുസൈൻ മുഹമ്മദ് ലത്തീഫുമായി കൂടിക്കാഴ്ച നടത്തി. വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ, വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കളും യോഗത്തിൽ പങ്കെടുത്തു. മാൽദീവ്സിന്റെ 60-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിൽ ശ്രീ മോദി ഇന്ന് 'വിശിഷ്ടാതിഥി'യായി പങ്കെടുക്കും. ഇന്നലെ മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസു, പ്രധാനമന്ത്രിയ്ക്കായി പ്രത്യേക വിരുന്നൊരുക്കി. മത്സ്യബന്ധനം, മത്സ്യകൃഷി, കാലാവസ്ഥാ ശാസ്ത്രം, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, തുടങ്ങിയ മേഖലകളിലെ സഹകരണം

വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യ, മാൽദീവ്സുമായി ആറ് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

*********************

## REV. JAISHANKAR MALDIVES

സ്വാതന്ത്ര്യൻറെ 60-ാം വാർഷികത്തിൽ മാൽദീവ്സിലെ ജനങ്ങൾക്കും സർക്കാരിനും ആശംസകൾ നേർന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഇന്ത്യയും മാൽദീവ്സും തമ്മിലുള്ള നയതന്ത്ര ബന്ധം അറുപത് വർഷം പിന്നുടുന്ന വേളയിൽ സമാധാനം, അഭിവൃത്തി, ഇന്ത്യൻ മഹാ സമുദ്ര മേഖലയിലെ സ്ഥിരത എന്നിവയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

*********************

## REV PREZ-KARGIL DIWAS

1999- ലെ കാർഗിൽ യുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനികരുടെ ധീരതയെ ആദരിക്കുന്നതിനായി ഇന്ന് രാജ്യം കാർഗിൽ വിജയ് ദിവസ് ആചരിക്കുന്നു. കാർഗിൽ വിജയ് ദിവസിൽ രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര സൈനികർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരാഞ്ജലി അർപ്പിച്ചു. രാജ്യത്തെ സൈനികരുടെ അസാധാരണമായ വീര്യത്തെയും ധൈര്യത്തെയും ദൃഢനിശ്ചയത്തെയും പ്രതീകപ്പെടുത്തുന്ന ദിനമാണിതെന്ന് രാഷ്ട്രപതി തന്റെ സന്ദേശത്തിൽ പറഞ്ഞു. ഏറ്റവും കഠിനമായ ഭൂപ്രദേശങ്ങളിലും രാജ്യത്തെ സംരക്ഷിക്കുന്നതിൽ അസാധാരണമായ ധൈര്യവും മനക്കരുത്തും ദൃഢനിശ്ചയവും പ്രകടിപ്പിച്ച രാജ്യത്തിന്റെ ധീരന്മാരെ ചടങ്ങിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അനുസ്മരിച്ചു.

*********************

## DEFENCE-KARGIL DIWAS

കാർഗിൽ വിജയ് ദിവസിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു . കേന്ദ്ര മന്ത്രിമാരായ മൻസുഖ് മാണ്ഡവ്യയും സഞ്ജയ്

സേത്തും വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചു . പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ്, സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ, കര- വ്യോമ- നാവിക മേധാവിമാർ എന്നിവരും സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചു.

********************

**ARMY CHIEF- VIJAY DIWAS ..(INTRO)**

കാർഗിലിൽ കർത്തവ്യനിർവ്വഹണത്തിനിടെ ജീവൻ ബലിയർപ്പിച്ച സൈനികരുടെ കുടുംബാംഗങ്ങളെ രാജ്യം അഭിവാദ്യം ചെയ്യുന്നുവെന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. കാർഗിലിൽ വീരമൃത്യു വരിച്ചവരുടെ ധൈര്യവും ക്ഷമയും ത്യാഗവും ഇപ്പോഴും രാഷ്ട്രത്തിന് പ്രചോദനമാണെന്ന് അദ്ദേഹം പറഞ്ഞു .

**(HOLD…വോയിസ് …. ARMY CHIEF)**

ഓപ്പറേഷൻ സിന്ദൂറിൽ കാർഗിലിന് സമാനമായ രീതിയിലെ ധീരതയാണ് ഇന്ത്യൻ സേന കാഴ്ച വച്ചതെന്നും പാകിസ്ഥാൻറെ ഭീകര താവളങ്ങൾ തകർത്ത് വിജയം കൈവരിക്കാൻ സേനയ്ക്ക് സാധിച്ചതായും അദ്ദേഹം പറഞ്ഞു.

********************

**Kargil - Kerala**

കേരളത്തിലും കാർഗിൽ വിജയ് ദിവസ് വിവിധ പരിപാടികളോടെ ആചരിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രം സന്ദർശിച്ച് ധീര രക്തസാക്ഷികൾക്ക് പുഷ്പാർച്ചന നടത്തി. പാളയം യുദ്ധ സ്മാരകത്തിൽ എയർ വെറ്ററൻസ് അസോസിയേഷൻ പ്രസിഡന്റ് വേണു വടക്കേടവും ഗ്രൂപ്പ് ക്യാപ്റ്റൻ പി കർമചന്ദ്രനും പുഷ്പചക്രം അർപ്പിച്ചു. അഖില ഭാരതീയ പൂർവ്വ സൈനിക സേവാ പരിഷത്ത് കണ്ണൂർ മഹാത്മാ മന്ദിരത്തിൽ വിജയ് ദിവസിൻറെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

********************

## DAY TN-PM VISIT

യുകെ, മാൽദീവ്സ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിലെത്തും. തൂത്തുക്കുടിയിൽ നടക്കുന്ന പരിപാടിയിൽ നാലായിരത്തി എണ്ണൂറ് കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം, തറക്കല്ലിടൽ എന്നിവ പ്രധാനമന്ത്രി നിർവഹിക്കും. തൂത്തുക്കുടി വിമാനത്താവളത്തിലെ പുതിയ ടെർമിനൽ കെട്ടിടവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. നാളെ, ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിൽ നടക്കുന്ന പൊതുപരിപാടിയിൽ രാജേന്ദ്ര ചോളൻ ഒന്നാമനെ ആദരിക്കുന്ന സ്മാരക നാണയം പ്രധാനമന്ത്രി പുറത്തിറക്കും.

********************

## RIJUJU

പഹൽഗാം ഭീകരാക്രമണവും ഓപ്പറേഷൻ സിന്ദൂറും സംബന്ധിച്ച് തിങ്കളാഴ്ച പാർലമെൻറിൽ പ്രത്യേക ചർച്ച നടത്തുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ലോക്സഭാ സ്പീക്കർ ഓംബിർല വിളിച്ച സർവ്വകക്ഷി യോഗത്തിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

********************

## SIVANKUTTY -THEVALAKKARA (Intro)

കേരളത്തിലെ സ്കൂളുകളിൽ സുരക്ഷ വർദ്ധിപ്പിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കൊല്ലം തേവലക്കര സ്കൂളിലെ മിഥുൻറെ മരണത്തെതുടർന്നാണ് സംസ്ഥാന വ്യാപകമായി സ്കൂൾ സുരക്ഷ വർദ്ധിപ്പിക്കുന്നത്.

(ഹോൾഡ് വോയ്സ്)

അപകടത്തിൽ മരണമടഞ്ഞ മിഥുൻറെ കുടുംബത്തിന് സർക്കാർ സാമ്പത്തിക സഹായം നൽകുമെന്നും മന്ത്രി അറിയിച്ചു. തേവലക്കര സ്കൂളിലെ മാനേജ്മെൻറിനെ സസ്പെൻഡ് ചെയ്ത് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സ്കൂളിൻറെ താത്കാലിക ചുമതല നൽകി.

********************

## DAY CAMBODIA-THAILAND CLASHES

തായ്‌ലൻഡ്- കംബോഡിയ അതിർത്തിയിൽ ഏറ്റുമുട്ടൽ മൂന്നാം ദിവസവും തുടരുന്നു . മരണസംഖ്യ 33 ആയി. എട്ട് തദ്ദേശവാസികൾ ഉൾപ്പെടെ 13 പേർ മരിച്ചതായി കംബോഡിയ റിപ്പോർട്ട് ചെയ്തു. അതേസമയം 20 പേർ മരിച്ചതായി തായ്‌ലൻഡ് സ്ഥിരീകരിച്ചു. യുഎൻ സുരക്ഷാ കൗൺസിലിൽ കംബോഡിയ അടിയന്തര വെടിനിർത്തൽ ആവശ്യപ്പെട്ടിട്ടും പ്രദേശത്ത് ഏറ്റുമുട്ടൽ തുടരുകയാണ് .

*********************

## MEA-CAMBODIA

കംബോഡിയ-തായ്‌ലൻഡ് സംഘർഷം കണക്കിലെടുത്ത് അതിർത്തി പ്രദേശങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് കംബോഡിയയിലെ ഇന്ത്യൻ എംബസി അറിയിച്ചു . അടിയന്തര സാഹചര്യങ്ങളിൽപെടുന്ന ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കായിഎംബസി, ഹെൽപ്പ്ലൈൻ നമ്പറും ഇമെയിൽ വിലാസവും പുറത്തിറക്കി.

പ്ലസ് 855 9288 1676 എന്ന നമ്പറിലോ cons.phnompenh@mea.gov.in എന്ന ഇമെയിൽ ഐഡിയിലോ ബന്ധപ്പെടാം.

*********************

## Rain-Kerala

കേരളത്തിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. മൂന്ന് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് 7 ജില്ലകളിൽ മഞ്ഞജാഗ്രതയാണ്. ഈ മാസം 28 വരെ മത്സ്യബന്ധനം

പാടില്ല. പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

അരുവിക്കര, പേപ്പാറ, തെൻമല തുടങ്ങിയ ഡാമുകളിലെ ഷട്ടറുകൾ ഉയർത്തി.

*********************

## CHESS WORLD CUP

വനിത ചെസ് ലോകകപ്പ് ഫൈനലിലെ ആദ്യമത്സരത്തിൽ ഇന്ന് ഇന്ത്യൻ താരങ്ങളായ കൊനേരു ഹംപിയും ദിവ്യ ദേശ് മുഖും ഏറ്റുമുട്ടും. ജോർജിയയിലെ ബാതുമിയിൽ ഇന്ന് വൈകിട്ട് 4.30നാണ് മത്സരം. രണ്ടാം മത്സരം നാളെ നടക്കും. സമനില വന്നാൽ മറ്റന്നാൾ നടക്കുന്ന ടൈബ്രേക്കറിലൂടെ വിജയിയെ നിശ്ചയിക്കും. ലോക അഞ്ചാംനമ്പർ താരമാണ് കൊനേരു ഹംപി. ദിവ്യ ദേശ് മുഖ് പതിനെട്ടാം സ്ഥാനത്താണ്.

*********************

## CRICKET

ഇന്ത്യ -ഇംഗ്ലണ്ട് നാലാം ടെസ്റ്റിന്റെ ഒന്നാം ഇന്നിങ്സ് ഇംഗ്ലണ്ട് ഇന്ന്പുനരാരംഭിക്കും. മൂന്നാം ദിനം കളി നിർത്തുമ്പോൾ ഇന്ത്യയ്ക്കെതിരെ 7 വിക്കറ്റിന് 544 റൺസ് എന്ന നിലയിലാണ് ഇംഗ്ലണ്ട്. നിലവിൽ, അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇംഗ്ലണ്ട് 2 - 1നു മുന്നിലാണ്.

*********************

## Govindachamy

ജയിൽ ചാടി മണിക്കൂറുകൾക്കകം പിടിയിലായ സൗമ്യ വധക്കേസ് പ്രതി ഗോവിന്ദച്ചാമിയെ വിയ്യൂർ സെൻട്രൽ ജയിലേക്ക് മാറ്റി. ഇന്ന് രാവിലെ 7 . 30 ഓടെയാണ് കനത്ത സുരക്ഷയിൽ വിയ്യൂരിലേക്ക് കൊണ്ടുപോയത്. ഇന്നലെ പുലർച്ചയാണ് ഗോവിന്ദച്ചാമി കണ്ണൂർ സെൻട്രൽ ജയിലിന്റെ മതിൽ ചാടി രക്ഷപ്പെട്ടത്. തുടർന്ന് രാവിലെ 10: 45 ഓടെ കണ്ണൂർ തളാപ്പിൽ വച്ച് ഇയാളെ പിടികൂടുകയായിരുന്നു.

*********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ

124 -ാമത് പതിപ്പാണിത്. പരിപാടിയുടെ മലയാള പരിഭാഷയും ഉണ്ടായിരിക്കുന്നതാണ്.

*********************

## Bihar -pension

ബിഹാറിലെ മാധ്യമപ്രവർത്തകർക്ക് 15,000 രൂപ പ്രതിമാസ പെൻഷൻ നൽകുമെന്ന് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ. ബിഹാർ ജേണലിസ്റ്റ് സമ്മാൻ പെൻഷൻ പദ്ധതിക്കു കീഴിൽ നേരത്തെ 6,000 രൂപയായിരുന്ന പെൻഷൻ 15,000 രൂപയായി വർദ്ധിപ്പിച്ചതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

*********************

***************

*********